LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 15, ബുധൻ

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2006 ഫെബ്രുവരി മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം [*112]

വിവരാവകാശ നിയമം

1 [*112] ശ്രീ. എം. കുമാരൻ :

,, ബിനോയ് വിശ്വം :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവരാവകാശ നിയമം നടപ്പാക്കിയത് എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) വിവരാവകാശ നിയമം നടപ്പാക്കിയതിനുശേഷമുള്ള പുരോഗതിയെ സംബന്ധിച്ചുള്ള വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വിവരാവകാശ നിയമങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

GPM. 2/152/2013—1

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ,

(എ) 10-10-2005 മുതൽ സംസ്ഥാനത്ത് വിവരാവകാശ നിയമം നടപ്പിലാക്കിത്തുടങ്ങി.

(ബി) 10-10-2005-ലെ ജി.ഒ.(പി) 367/2005/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ആസ്ഥാനമാക്കി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷന്റെ പ്രാരംഭ ചെലവുകൾക്കായി 65 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. മുൻ ചീഫ് സെക്രട്ടറി ശ്രീ. പാലാട്ട് മോഹൻദാസിനെ ചീഫ് ഇൻഫർമേഷൻ കമ്മീഷണറായും മുൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. വി. വി. ഗിരിയെ ഇൻഫർമേഷൻ കമ്മീഷണറായും നിയമിച്ചു. തിരുവനന്തപുരം പുന്നൻറോഡിൽ സർക്കാർ അനുവദിച്ച കെട്ടിടത്തിൽ കമ്മീഷൻ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. സർക്കാർ ഉടമസ്ഥതയിലുള്ളതും നിയന്ത്രണത്തിലുള്ളതും നേരിട്ടോ അല്ലാതെയോ സർക്കാർ ധനസഹായം നൽകുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരും. പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം പൊതുജനങ്ങളുടെ അപേക്ഷ സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരേയും വിശദ വിവരങ്ങൾ നൽകുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും സ്ഥാനനിർണ്ണയം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മിക്ക സ്ഥാപനങ്ങളിലും അതനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവരാവകാശ ചട്ടപ്രകാരമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഐ.എം.ജി.-യുടെ ആഭിമുഖ്യത്തിൽ ഉദ്യോഗസ്ഥർക്ക് ഈ നിയമം നടപ്പിലാക്കാനുള്ള പരിശീലനവും നൽകുന്നുണ്ട്. പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് നിശ്ചിത ഫീസ് ഈടാക്കാമെന്ന് ആക്ടിൽത്തന്നെ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് ഫീസ് നിരക്കുകളും ഈടാക്കേണ്ടുന്ന രീതിയും വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ സുരക്ഷാ ചുമതലയുള്ള സംസ്ഥാന പോലീസിലെ എട്ട് വിഭാഗങ്ങളെ ഈ ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് 50 കോടി രൂപയുടെ കേന്ദ്ര സഹായവും ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരും ഈ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തി റിപ്പോർട്ട് നൽകണമെന്ന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ഈ നിയമം സംബന്ധിച്ച് പത്രങ്ങളിലൂടെയും സർക്കാർ വെബ്സൈറ്റ് ഉൾപ്പെടെയുള്ള മറ്റു മാദ്ധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചരണം നൽകുന്നുണ്ട്. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം പ്രസ്ക്ലബ്ബിന്റെ സഹകരണത്തോടെ വിവരാവകാശ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് സംസ്ഥാന തലത്തിൽ 2-11-2005-ൽ സെമിനാർ നടത്തിയിട്ടുണ്ട്. ജില്ലാ-താലൂക്ക്-പഞ്ചായത്ത് തലങ്ങളിൽ ഈ നിയമത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ സെമിനാറുകൾ നടത്തിവരികയാണ്. അതിനായി എല്ലാ ജില്ലകൾക്കും 25,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലും ലഘുലേഖകൾ അച്ചടിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്. മലയാളം ലഘുലേഖ പൂർത്തിയായിക്കഴിഞ്ഞു. പി.ആർ.ഡി.-യുടെ പ്രതിമാസ പ്രസിദ്ധീകരണത്തിലൂടെ നിയമത്തെക്കുറിച്ച് വ്യാപകമായ പ്രചരണം നൽകിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള നിയമം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള നക്കൽ, നിയമ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. തൻമൂലം ഈ നിയമത്തെ സംബന്ധിച്ച് ജനങ്ങളിൽ കൂടുതൽ അവബോധമുണ്ടാക്കാൻ കഴിയും. വിവരാവകാശ നിയമത്തെ സംബന്ധിച്ച ഹാൻഡ്ബുക്ക് പ്രസിദ്ധീകരിക്കുന്നതിനും ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഒരു കേന്ദ്ര നിയമമെന്ന നിലയിൽ വിവരാവകാശ നിയമം സംബന്ധിച്ച് കേന്ദ്ര സർക്കാരും മാദ്ധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്തുന്നുണ്ട്.

ശ്രീ. എം. കുമാരൻ: സർ, വിവരാവകാശ നിയമം നിലവിൽ വന്നതിനുശേഷം വിവരാവകാശ കമ്മീഷണറോട് വിവരം ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും മറുപടി നൽകാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഒന്നാമത്തെ കാര്യം, ഇതിന്റെ ഇൻഫർമേഷൻ ചോദിക്കേണ്ടത് കമ്മീഷണറോട് അല്ല. ഇതിന്റെ ഇൻഫർമേഷൻ ചോദിക്കേണ്ടത് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരോടാണ്. അത് സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. അതിൽ ഓരോ സ്ഥലത്തും എത്ര കിട്ടിയിട്ടുണ്ടെന്ന് ഒരു ദിവസം കൊണ്ടോ രണ്ട് ദിവസം കൊണ്ടോ അറിയാൻ സാദ്ധ്യമല്ല.

ശ്രീ. എം. കുമാരൻ: തിരുവനന്തപുരം എം.ജി. റോഡ് വീതികൂട്ടുന്നതിനെ സംബന്ധിച്ചുള്ള പൊതുവിവരങ്ങളും പ്ലാനും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വിവരാവകാശ കമ്മീഷണറുടെ മുന്നിൽ ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു? പ്രസ്തുത പദ്ധതി പ്രകാരം സെക്രട്ടേറിയറ്റ് വളപ്പിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഇതും ചീഫ് കമ്മീഷണറോട് അല്ല ചോദിക്കേണ്ടത്. അതുമാത്രമല്ല ഇത് ഓരോന്നും ഇങ്ങനെ ചോദിച്ചാൽ അതിന് മറുപടി പറയാനും സാദ്ധ്യമല്ല.

ശ്രീ. ബിനോയ് വിശ്വം: ഈ നിയമം ഇൻഡ്യയിലെ തന്നെ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ശരിക്കുപറഞ്ഞാൽ ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്താൻ ഈ നിയമം വളരെയേറെ സഹായം ചെയ്യും. പക്ഷെ നമ്മുടെ ഗവൺമെന്റ് ഈ നിയമത്തിനെ ഏട്ടിലെ പശുവാക്കുകയാണ്. ആ നിയമത്തിനെ ശരിക്കുപറഞ്ഞാൽ ശാസ്ത്രീയമായി കൊല്ലുകയാണെന്ന് ഞാൻ ആരോപിക്കുന്നു. ഗവൺമെന്റ് ഇപ്പോഴും പറയുന്നത് ഈ നിയമം മലയാളത്തിലാക്കിക്കൊണ്ടിരിക്കുകയാണെന്നാണ്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഒക്ടോബർ മാസം 10-ാം തീയതി ഈ നിയമം പ്രാബല്യത്തിൽ വന്നു. ഇപ്പോഴും ഗവൺമെന്റ് മലയാളത്തിലാക്കിക്കൊണ്ടിരിക്കുകയാണ്. അടിയന്തിരമായി ഈ നിയമം മലയാളത്തിലാക്കുകയും എല്ലാ സ്ഥലങ്ങളിലും ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യാനുള്ള നടപടിയാണ് ആദ്യം എടുക്കേണ്ടത്. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അതിനിടയിൽ കോൺഗ്രസിനുമിട്ട് ഒരു കുത്ത്. കോൺഗ്രസാണ് ഇത് കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മെമ്പർ അത് മനസ്സിലാക്കണം. ഇത് കേന്ദ്രത്തിൽ കൊണ്ടുവന്നത് കോൺഗ്രസാണ്. മലയാളം ട്രാൻസിലേഷൻ അതിന്റെ ലാസ്റ്റ് സ്റ്റേജിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, ലാ ഡിപ്പാർട്ടുമെന്റ് അത് vet ചെയ്തുകൊണ്ടിരിക്കുകയാണ്. അത് അടിയന്തിരമായി പ്രസിദ്ധപ്പെടുത്തും.

ശ്രീ. ബിനോയ് വിശ്വം: ഈ നിയമം കോൺഗ്രസിന്റേതല്ല. ഇത് ഇടതുപക്ഷത്തിന്റെ പിന്തുണയോടെ യു.പി.എ. ഗവൺമെന്റ് പാസ്സാക്കിയ നിയമമാണ്. അതുകൊണ്ട് ഇത് കോൺഗ്രസ് കൊണ്ടുവന്ന നിയമമല്ല. അത് ഗവൺമെന്റിന് കൊണ്ടെങ്കിൽ ഗവൺമെന്റ് ഇതിനകത്ത് കുറ്റം കാണിച്ചതുകൊണ്ടാണ്. എന്റെ ചോദ്യം, 21/12-ന് ഞാനൊരു കത്ത് ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്ക് കൊടുത്തു. ആ കത്തിൽ ഞാൻ പറഞ്ഞത്, സുനാമി ഫണ്ടിന്റെ വരവുചെലവിനെ സംബന്ധിച്ച് വ്യക്തമായ കണക്ക് വേണമെന്നാണ്. ഒരു പ്രത്യേക കേസിൽ മുഖ്യമന്ത്രി മൂന്ന് പ്രാവശ്യം മൂന്ന് അഭിപ്രായം പറഞ്ഞു. പീതാംബരൻ-മണിയമ്മ ദമ്പതികൾക്ക് 10.16 ലക്ഷം രൂപ കൊടുത്തതായി ആദ്യം പറഞ്ഞു. പിന്നെ 12.39 ലക്ഷം രൂപ കൊടുത്തതായി പറഞ്ഞു. അതുകഴിഞ്ഞ് 15.41 ലക്ഷം രൂപ കൊടുത്തു എന്ന് പറഞ്ഞു. ഇങ്ങനെ മൂന്ന് പ്രാവശ്യം മുഖ്യമന്ത്രി പറഞ്ഞപ്പോൾ ആ കുടുംബം പറഞ്ഞത് ആകപ്പാടെ കിട്ടിയത് 26,000 രൂപയാണെന്നാണ്. ഈ ചുറ്റുപാടിൽ കൃത്യമായ വിവരം ലഭ്യമാക്കാൻവേണ്ടി ചീഫ് ഇൻഫർമേഷൻ കമ്മീഷണർക്ക് 21/12-ന് ഞാനൊരു കത്ത് കൊടുത്തു. ആകെപ്പാടെ കിട്ടിയത് ഒരു മറുപടി മാത്രമാണ്. ആ മറുപടിയിൽ പറഞ്ഞത്, Additional Chief Secretary to Government, Revenue, Housing and Disaster Management-ന് കത്ത് അയച്ചുകൊടുത്തു എന്ന് മാത്രമാണ്. അതിന് കൃത്യമായ വിവരം കിട്ടണം. ആ വിവരം എപ്പോൾ കിട്ടുമെന്ന് കൃത്യമായി പറയണം.

ശ്രീ. വക്കം പുരുഷോത്തമൻ: ഒന്നാമത് ബഹുമാനപ്പെട്ട മെമ്പർ ഇത് ആർക്കാണ് കൊടുക്കേണ്ടത് എന്ന് അറിയണമായിരുന്നു. അത് ചട്ടത്തിലുള്ളതാണ്. അദ്ദേഹം റിജെക്റ്റ് ചെയ്തില്ല, അത് ഗവൺമെന്റിലേക്ക് അയച്ചുകൊടുത്തു. ..... (ബഹളം).....അങ്ങേക്ക് വിവരമില്ലെന്ന് ഞാൻ പറയില്ല. അങ്ങ് അറിയണം, ഒരു എം.എൽ.എ. അറിയണം ഇത് ആർക്കാണ് അപേക്ഷിക്കേണ്ടതെന്ന് .....(ബഹളം).....അത് വായിച്ചിരുന്നുവെങ്കിൽ മെമ്പർക്ക് ഈ അബദ്ധം പറ്റില്ലായിരുന്നു. അദ്ദേഹത്തിന്റെ ഫംഗ്ഷൻ വേറെയാണ്. കമ്മീഷണറേറ്റിന്റെ പ്രവർത്തനം വേറെയാണ്. അവിടെയല്ല ഇത് അപേക്ഷിക്കേണ്ടത്. അപേക്ഷിക്കേണ്ട സ്ഥലത്ത് അപേക്ഷിച്ചാൽ അതിന് തക്കവണ്ണമുള്ള മറുപടി കിട്ടുമായിരുന്നു. അധികാരമില്ലാത്ത ആളുകൾക്ക് അപേക്ഷിച്ചതുകൊണ്ടാണ് അദ്ദേഹം അത് ചവറ്റുകുട്ടയിൽ എറിയാതെ ഗവൺമെന്റിലേക്ക് ഫോർവേർഡ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: നമ്മുടെ പല ഓഫീസുകളിലും പൊതുജനം പരാതി കൊടുക്കുമ്പോൾ റെസീപ്റ്റ് കൊടുക്കണമെന്ന നിയമം നിലവിലുണ്ട്. പല ഓഫീസുകളിലും അങ്ങനെ ചെയ്യുന്നില്ല. അങ്ങനെയൊരു സ്ഥിതിയുള്ള സമയത്താണ് വിവരാവകാശ നിയമം പ്രാബല്യത്തിൽ വരുന്നത്. അതിന് വേണ്ടത്ര പ്രചരണം ലഭിച്ചിട്ടില്ലെന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ ജനങ്ങളിൽ ഈ വിവരാവകാശ നിയമത്തെ സംബന്ധിച്ച് പ്രചരിപ്പിക്കണം. അതിന് ഏറ്റവും കൂടുതൽ ജനങ്ങൾ ബന്ധപ്പെടുന്ന വില്ലേജാഫീസുകൾ, താലൂക്ക് ഓഫീസുകൾ, പഞ്ചായത്ത് തലത്തിലുള്ള താഴെക്കിടയിലുള്ള ഓഫീസുകളിലൊക്കെ അവിടുത്തെ ഉദ്യോഗസ്ഥരെ ഇതിനെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനുള്ള പ്രചരണ പരിപാടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഞാൻ പറഞ്ഞു. ഓരോ ജില്ലയിലും താഴെത്തലംവരെ നടത്തുന്നതിനുള്ള ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. അതിന് ഓരോ ജില്ലയ്ക്കും 25,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

ശ്രീ. എൻ. രാജൻ : സർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ അപേക്ഷാ ഫീസ് നൽകുന്നതിൽനിന്ന് നിയമപ്രകാരം ഒഴുവാക്കിയിട്ടുണ്ടെന്നുപറഞ്ഞു. പക്ഷെ അതിന് ഒരു വ്യവസ്ഥയുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ അവരുടെ വരുമാന സർട്ടിഫിക്കറ്റ്കൂടി കൊണ്ടുചെല്ലണം. അവർ കൊടുക്കുന്ന അപേക്ഷയിൻമേൽ ഒരു തീരുമാനമറിയുന്നതിനുവേണ്ടി അത് ഒഴിവാക്കേണ്ടതാണ്. തീർച്ചയായിട്ടും അങ്ങനെ ഒരു വരുമാന സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല. അത് ഒഴിവാക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. വക്കം പുരുഷോത്തമൻ : സർ, അത് എന്താണെന്നുള്ളത് പരിശോധിക്കാം. പക്ഷേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് കാണിക്കാൻ എന്തെങ്കിലും തെളിവ് വേണമല്ലോ. ഇപ്പോൾ ഗവൺമെന്റ് ആശുപത്രിയിൽ ചെന്നാൽ ഡോക്ടർമാരുടെ, പ്രൈവറ്റ് പേഷ്യന്റ്സ് ചെന്നാൽ എത്ര ആദായം ഉണ്ടെങ്കിലും വരുമാനം 200 രൂപ എന്ന് അവർ എഴുതും. അവർ ചോദിക്കുകപോലും ഇല്ല. അതുപോലെ ആർക്ക് വേണമെങ്കിലും അപേക്ഷിച്ചുകൂടെ. അതുകൊണ്ട് എന്തെങ്കിലും ഒരു രേഖ വേണം.

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, വിവരാവകാശ നിയമത്തിന്റെ സമ്പൂർണ്ണ പ്രയോജനം കിട്ടാനുള്ള ഏർപ്പാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടത്തിക്കൊണ്ടിരിക്കുകയാണെന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. നിയമം പുതിയതായതുകൊണ്ട് കുറച്ച് ബുദ്ധിമുട്ടുകളുണ്ട്. അസിസ്റ്റന്റ് ജില്ലാ ഇൻഫർമേഷൻ ആഫീസിൽ നിശ്ചിത ഫീസ് അടച്ച് ഒരു വിവരം കിട്ടാൻ അപേക്ഷ സമർപ്പിക്കുമ്പോൾ അത് ഇന്ന വകുപ്പിൽ നിന്ന് ലഭ്യമാകും എന്നുള്ള വിവരം ഈ ഇൻഫർമേഷൻ ആഫീസിൽ നിന്നും കിട്ടും. തുടർന്നു ആ നിർദ്ദേശിക്കപ്പെട്ട വകുപ്പിൽ നിന്ന് വിവരം കിട്ടാൻവേണ്ടി വീണ്ടും ഫീസ് അടയ്ക്കണമോ വേണ്ടയോ എന്നുള്ള ഒരു സംശയം സാധാരണക്കാരുടെ ഇടയിലുണ്ട്. ആ സംശയം ഒന്നു ദൂരീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ : 10 രൂപ അടച്ചാണ് ആദ്യം അപേക്ഷിക്കേണ്ടത്. അത് രേഖാമൂലം വേണമെന്നുണ്ടെങ്കിൽ അതിന് ഒരു ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അതിന് നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തിട്ടുണ്ട്. അതിനൊക്കെ വളരെ തുച്ഛമായ നിരക്കുകളാണ്. ഉദാഹരണമായിട്ട് ആദ്യത്തെ A4 ഷീറ്റിന് രണ്ട് രൂപ. പിന്നെ വലിയ ഷീറ്റുകളൊക്കെയാണെങ്കിൽ അതിന് എത്രയാണോ ആക്ചൽ കോസ്റ്റ് അത് കൊടുത്താൽ മതി. അതിനൊന്നും ചാർജായിട്ട് ഇല്ല. ആക്ചൽ കോസ്റ്റ് എത്രയാണോ അത് കൊടുത്താൽ മതി. തുച്ഛമായ രീതിയിലാണ്. പിന്നെ പരിശോധിക്കാനാണെങ്കിൽ ആദ്യത്തെ ഒരു മണിക്കൂറിന് ഒരു കാശും കൊടുക്കണ്ട. അത് കഴിഞ്ഞാലാണ് ചെറിയ ഫീസ് വച്ചീട്ടുള്ളത്. അത് എല്ലാം വളരെ ലിബറലായിട്ട് സാധാരണക്കാരനുപോലും അപ്രോച്ചബിളായിട്ടുള്ള രീതിയിലുള്ള റേറ്റ് മാത്രമേ ഗവൺമെന്റ് ഫിക്സ് ചെയ്തിട്ടുള്ളു.

ശ്രീ. രാജു എബ്രഹാം : സർ, നമ്മുടെ പഞ്ചായത്ത് തലങ്ങളിലും ബ്ലോക്ക് ജില്ലാ തലങ്ങളിലും ഒക്കെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റുകളും പ്ലാനും ഒക്കെ നമുക്ക് ഈ വിവരാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ കിട്ടേണ്ടതാണ്. അതിനുള്ള സംവിധാനം ഒന്നും ഇപ്പോൾ ആയിട്ടില്ല. ആക്ട് പ്രകാരം അപേക്ഷിക്കുന്ന ആളുകൾക്ക് 35 ദിവസത്തിനുള്ളിൽ വിവരം നൽകേണ്ടതാണ്. പക്ഷേ സമയബന്ധിതമായി ഇതൊന്നും നടപ്പിലാക്കാൻ ഗവൺമെന്റിന് യാതൊരു താല്പര്യവുമില്ല. ഇത് സമയബന്ധിതമായി നടപ്പിലാക്കാനുള്ള ഒരു പ്രഖ്യാപനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഇത് ഗവൺമെന്റിന്റെ താല്പര്യക്കുറവല്ല. നമ്മൾ ഒരു പുതിയ സിസ്റ്റം തുടങ്ങുമ്പോൾ ഒരുപാട് പ്രശ്നങ്ങൾ അതിലുണ്ട്. നമ്മൾ ആദ്യമായിട്ട് തുടങ്ങുന്ന ഒരു കാര്യമാണ്. അപ്പോൾ അത് നമുക്ക് പരിചയമില്ലാത്ത ഒരു പുതിയ സ്കീം ആണ്. പുതിയ സ്കീം നടപ്പിലാക്കുമ്പോൾ പ്രാരംഭമായിട്ട് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുണ്ട്. We are not ready for that. The machinery was not ready. ആദ്യമായിട്ട് ഇത് നടപ്പിലാക്കുമ്പോഴുള്ള ബുദ്ധിമുട്ടുകൾ കൊണ്ടാണ് ഇതിന് കാലതാമസം ഉണ്ടായത്. 35 ദിവസമല്ല 30 ദിവസത്തിനുള്ളിൽ കൊടുക്കണമെന്നാണ് വ്യവസ്ഥയുള്ളത്. തീർച്ചയായിട്ടും ഗവൺമെന്റിന് അതിന് താല്പര്യവുമുണ്ട്. അതിന് കൂടുതൽ നിർദ്ദേശങ്ങൾ ആവശ്യമാണെങ്കിൽ തീർച്ചയായിട്ടും നൽകാം.

ശ്രീ. സി. മോയിൻകുട്ടി : സർ, ഇതിന്റെ ഗുണഫലം പരമാവധി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി പരാതികൾ വില്ലേജ് ആഫീസുകളിലും പഞ്ചായത്ത് ആഫീസുകളിലും നൽകാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ; അവരുടെ പരാതിക്ക് രസീത് നൽകുന്നതിനുള്ള നടപടി ഉണ്ടാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : ഇൻഫർമേഷൻ കൊടുക്കുന്നതിനുള്ള സംവിധാനമുണ്ട്. പരാതികൾ കൊടുക്കാൻ വേറെ ഫാറം ഉണ്ട്. അത് അനുസരിച്ച് ചെയ്യണം.

ശ്രീ. എം. വി. ജയരാജൻ : സംസ്ഥാന ഇൻഫർമേഷൻ കമ്മീഷണർക്ക് ശ്രീ. ബിനോയ് വിശ്വം നൽകിയിട്ടുള്ള അപേക്ഷ നിയമാനുസൃതമല്ല എന്ന് അങ്ങ് പറഞ്ഞു. നിയമത്തിൽ ഏറ്റവും പ്രധാനപ്പെട്ട ന്യൂനതകളിൽ ഒന്ന് അതാണ്. അതാത്

ജില്ലാ ഇൻഫർമേഷൻ ആഫീസർക്ക് കൊടുക്കണമെന്നുള്ളതാണ്. നമുക്ക് സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വിവരം വേണം. ശ്രീ. ബിനോയ് വിശ്വം ചോദിച്ചത് സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു വിവരശേഖരണത്തെക്കുറിച്ചാണ്. അതിന് ഇതിൽ വ്യവസ്ഥയില്ല. അപ്പീൽ അതോറിറ്റിയേ പിന്നെയുള്ളു. പിന്നീട് അതിന്മേൽ സംസ്ഥാന കമ്മീഷണർക്ക് കൊടുക്കാനുള്ള വ്യവസ്ഥയേയുള്ളു. അത് പരിഹരിക്കാൻ നിയമത്തിൽത്തന്നെ സംസ്ഥാനാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ, ഇപ്പോൾ സെക്രട്ടേറിയറ്റിൽ വിവരം കിട്ടാൻവേണ്ടി കണ്ണൂർ ജില്ലയിൽ കൊടുക്കുക. അപ്രായോഗികമായിട്ടുള്ള ഒരു കാര്യമാണ്. അപ്പോൾ നിയമത്തിലെ ഈ പഴുത് മാറ്റാൻവേണ്ടി സംസ്ഥാനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാൻ വല്ല നടപടിയും സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ശ്രീ. എം. വി. ജയരാജൻ ചോദിച്ചത് നല്ല ഒരു കസ്റ്റ്യനാണ്. പക്ഷേ നമ്മൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്, കേന്ദ്രത്തിൽ നടപ്പിലാക്കിയതും കൂടാതെ ഒന്നു രണ്ട് സംസ്ഥാനങ്ങളിൽ ആദ്യം നടപ്പിലാക്കിയ സാമ്പിൾ വരുത്തിയിട്ട് അതിന്റെ മോഡൽ പകർത്തിയാണ് നമ്മൾ ചെയ്തത്. ഇത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് അനുസരിച്ച് നമുക്ക് മാറ്റങ്ങൾ വരുത്താം. അത് പരാതിയുടെ അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ അറിയാനുള്ള അവകാശത്തെ ആദരിക്കുന്ന വലിയ ഒരു നിയമമാണ് ഇത്. ഇത് നമ്മുടെ ഉദ്യോഗസ്ഥ തലത്തിലുള്ള നടപടിക്രമങ്ങളെക്കുറിച്ച് സുതാര്യത കൈവരുത്തുന്നതിന് വേണ്ടി ഉണ്ടാക്കിയ ഒരു നിയമമാണ്. പക്ഷേ പല സ്ഥലങ്ങളിലും ഇപ്പോൾത്തന്നെ ഇത് മിസ്യൂസ് ചെയ്യുകയും അനാവശ്യമായ വിവാദങ്ങളിലേക്ക് വലിച്ച് ഇഴയ്ക്കാനും വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനുംവേണ്ടി ഈ നിയമം ദുരുപയോഗപ്പെടുത്തുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, സ്വാഭാവികമായി അത് ഉണ്ടാകും. വിശേഷിച്ചും മറ്റ് പലയിടത്തും ഇല്ലാത്ത രാഷ്ട്രീയ അതിപ്രസരമുള്ള സംസ്ഥാനമായ കേരളത്തിൽ അത് കൂടുതൽ ഉണ്ടാകും. എങ്കിലും നല്ല കാര്യങ്ങളുടെ പ്രവർത്തനത്തിന് അങ്ങനെയുള്ള ചെറിയ കാര്യങ്ങൾ ഒരു തടസ്സമാകാൻ പാടില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടിത്തോളം ഇത് നടപ്പിലാക്കണമെന്നുണ്ട്. അതൊക്കെ നടപ്പിലാക്കി വരുമ്പോൾ അതിന്റെ അടിസ്ഥാന തത്വത്തിന് കോട്ടം തട്ടാതെ ജനങ്ങൾക്ക് അറിയാനുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഏത് രീതിയിൽ ഇതു പോലുള്ളത് ഒഴിവാക്കാൻ കഴിയുമെന്നുള്ളത് നമുക്ക് പരിശോധിക്കാവുന്നതാണ്.

ഡോ: എ. നീലലോഹിതദാസൻ നാടാർ : സർ, വിവരാവകാശ നിയമത്തെ കുറിച്ച് നമ്മുടെ ജനജീവിതത്തിലെ വിവിധതലങ്ങളിലുള്ള ആളുകൾക്ക് വേണ്ടത്ര അവബോധം ഉണ്ടായിട്ടില്ല എന്ന് ഇതിനകംതന്നെ വ്യക്തമായിട്ടുണ്ട്. അതുകൊണ്ട് അവബോധം ഉണ്ടാക്കാൻവേണ്ടി ചില പ്രവർത്തനങ്ങൾ നടത്തുന്നുയെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞു. പക്ഷേ കുറെക്കൂടി അത് വിപുലമായി ഇപ്പോൾ പ്രത്യേകിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാമസഭകൾ വാർഡ് അസംബ്ലിയൊക്കെ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. അവരുടെകൂടി ഒരു അജണ്ട ഉൾപ്പെടുത്തി ഈ നിയമത്തിന്റെ വിശദാംശങ്ങൾ പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കുറേക്കൂടി ഗ്രാസ്റൂട്ട് ലെവലിലേക്ക് പോയി പരിപാടി സംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : അതാണ് ഞാൻ പറഞ്ഞത്. താഴെക്കിടയിലേക്ക് ചെയ്യുന്നതിനുള്ള ഒരു പ്രാരംഭം എന്ന രീതിയിലാണ് പ്രത്യേകം പണംവരെ അലോട്ട് ചെയ്തത്. പിന്നെ വെബ്സൈറ്റിലുണ്ട്. ലഘുലേഖകൾ ഇംഗ്ലീഷിലും മലയാളത്തിലും പ്രിന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ പരമാവധി പരസ്യം കൊടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുന്നുണ്ട്.

ശ്രീ. കെ. ബാബു : സർ, ഒരു പുതിയ നിയമം എന്നുള്ള നിലയിൽ ഇതിന്റെ ചുമതലക്കാരായ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ പരിശീലനം സമയബന്ധിതമായി പൂർത്തീകരിക്കാൻ ഉദ്ദേശമുണ്ടോ; ഇപ്പോൾ ഏതെല്ലാം ഘട്ടങ്ങളിലായി പരിശീലനം നടക്കുന്നുയെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വക്കം പുരുഷോത്തമൻ : ഐ.എം.ജി.-യുടെ ആഭിമുഖ്യത്തിലാണ് ഇപ്പോൾ പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്നത്. ആദ്യമായിട്ട് തുടങ്ങുമ്പോൾ ആളുകൾക്ക് ഒന്നിച്ച് പരിശീലനം കൊടുക്കുന്നതിന് ചില ബുദ്ധിമുട്ടുകളുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. എങ്കിലും പരമാവധി അങ്ങനെ പരിശീലനം കൊടുക്കണമെന്നുള്ളതാണ് ഉദ്ദേശം. അതുകൊണ്ടാണ് ആരംഭദിശയിൽത്തന്നെ അതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഈ വിവരങ്ങൾ കൃത്യമായി നൽകണമെങ്കിൽ വകുപ്പുകളിൽ അതിന് ആവശ്യമായിട്ടുള്ള സംവിധാനം ഉണ്ടാകണം. നമ്മുടെ സർവ്വീസ് മേഖലകളിൽ ഇന്നുള്ള പരാധീനതകൾ നിരവധിയാണ്. അപ്പോൾ ഒരു വിവരം കിട്ടണമെന്നു പറഞ്ഞാൽ അപ്രായോഗികമാണ്. അത് പ്രായോഗികമാക്കാൻ വകുപ്പുകളിൽ, പഞ്ചായത്ത് തുടങ്ങി ഓരോ വകുപ്പുകൾ ഉണ്ടല്ലോ. ആ വകുപ്പുകളിൽ-അതിനുവേണ്ടി-വിവരങ്ങൾ ചോദിച്ചാൽ കൊടുക്കുന്നതിനുവേണ്ടി പ്രത്യേകമായ ഒരു സംവിധാനം വേണം. ഇന്നുള്ള നിലയിൽ അത് കിട്ടാൻ വളരെ പ്രയാസമാണ്. അങ്ങനെയുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : Nothing can be made perfect from the very beginning. ആദ്യമേ പെർഫക്ടായിട്ട് കുറ്റമറ്റതായി ഒരു പദ്ധതിയും ഒരു നിയമവും ഉണ്ടാക്കാൻ പറ്റുകയില്ല. ഇത് ഓരോന്നിലും വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചതിനുശേഷം മാത്രമേ നമുക്ക് ഇത് പെർഫക്ടായി കൊണ്ടുവരാൻ കഴിയൂ. അതുകൊണ്ട് ഞാൻ സമ്മതിക്കുന്നു. ധാരാളം പ്രശ്നങ്ങളുണ്ട്. അത് നമുക്ക് പരിഹരിക്കണം. ഓരോന്നായി പരിഹരിച്ച് അതിന് മാർഗ്ഗങ്ങൾ കണ്ട് നമ്മൾ ഇത് പെർഫക്ടാക്കി കൊണ്ടുവരണം. അതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: സർ, അതിപ്രധാനമായ പ്രതിരോധ രഹസ്യങ്ങൾവരെ അന്വേഷണാത്മക റിപ്പോർട്ടുകളായിട്ടും ആത്മകഥകളായിട്ടും പത്രത്താളുകളിൽ വരുന്നത് നമുക്ക് ഇപ്പോൾ ചിരപരിചിതമാണ്. അത്തരമൊരു പശ്ചാത്തലത്തിൽ പോലീസുമായി ബന്ധപ്പെട്ട ഒട്ടേറെ വിഭാഗങ്ങളെ ഈ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയതായി അങ്ങ് സൂചിപ്പിച്ചു. അത് പരിശോധിക്കുവാനും ഇതിന്റെ പരിധി പരമാവധി ചുരുക്കുവാനും കോടതികളിൽ ചാർജ് സമർപ്പിക്കപ്പെട്ട കേസ്സുകളിലെങ്കിലും ബന്ധപ്പെട്ട വിഭാഗങ്ങളെ നിയമത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: എന്റെ ഓർമ്മ ശരിയാണെങ്കിൽ കേന്ദ്രം പതിനെട്ട് സ്ഥാപനങ്ങളെ ഇതിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പോലീസിലെ എട്ട് സെക്ഷനുകളെ മാത്രമാണ് ഞങ്ങൾ ഇവിടെ ഒഴിവാക്കിയിട്ടുള്ളത്. അതൊന്ന് പരിശോധിച്ചിട്ട് നടപ്പാക്കിയാൽ ഇപ്പോൾ ഇതിൽ കൂടുതൽ ഉൾപ്പെടുത്തേണമോ അതല്ല, ഉള്ളതിൽത്തന്നെ കുഴപ്പമില്ലെങ്കിൽ കുറച്ച് കൂടി നമുക്ക് അനുവദിക്കണമോ എന്നൊക്കെ പരിശോധിക്കാം. തുടങ്ങിയപ്പോൾ ഇങ്ങനെ ചെയ്തു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, നിയമ രംഗത്തും സാമൂഹ്യ രംഗത്തും ശാസ്ത്ര-സാങ്കേതിക രംഗത്തുമെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച ആളുകളെയാണ് കമ്മീഷണർമാരായി നിശ്ചയിക്കേണ്ടതെന്ന് കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുണ്ട്. പ്രധാനമന്ത്രിയും പ്രതിപക്ഷനേതാവും പ്രധാനമന്ത്രി നിശ്ചയിക്കുന്ന ഒരു ക്യാബിനറ്റ് മന്ത്രിയുമാണ് കേന്ദ്ര കമ്മീഷനെ നിശ്ചയിച്ചതെങ്കിൽ കേരളത്തിൽ ഇതിന് സ്വീകരിച്ച നടപടിക്രമം എന്താണ്? കേന്ദ്രത്തിന്റെ ഈ മാനദണ്ഡം തെറ്റിച്ചുകൊണ്ട് നടപടി സ്വീകരിക്കുവാൻ സംസ്ഥാന ഗവൺമെന്റിനെ നിർബന്ധിച്ചിട്ടുള്ള സാഹചര്യമെന്താണ്?

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഇവിടെ ഒരു മാനദണ്ഡവും തെറ്റിയിട്ടില്ല. കേരളത്തിൽ രണ്ടുപേരെ നിയമിച്ചു. അവർ രണ്ടുപേരും ഇതിന് കൊള്ളാത്തവരാണെന്ന് ആരും പറയുകയില്ല. വളരെ എഫിഷ്യന്റായിട്ടുള്ള, ഭരണ രംഗത്തെല്ലാം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള രണ്ട് ആളുകളെയാണ് നിയമിച്ചത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഏറ്റവും വിപ്ലവകരമായ നിയമനിർമ്മാണമാണ് പാർലമെന്റ് നടത്തിയത്. അത് നടപ്പാക്കുമ്പോൾ നമ്മുടേതുപോലുള്ള വളരെ സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനത്ത്, ഇതു സംബന്ധിച്ച് ഏറ്റവും കൂടുതൽ സംശയമായ കാര്യങ്ങൾ ഏറ്റവും കൂടുതൽ അന്വേഷണാത്മകമായ പ്രശ്നങ്ങളാക്കി മാറ്റുന്ന ജനങ്ങളുള്ള നമ്മുടെ രാജ്യത്ത്, പഞ്ചായത്ത് രാജ് നിയമവും 73, 74 ഭേദഗതികൾ പാർലമെന്റ് പാസ്സാക്കിയപ്പോൾ നമ്മൾ തത്തുല്യമായ നിയമം സംസ്ഥാനത്ത് നിർമ്മിച്ചതുപോലെ ഇക്കാര്യങ്ങളിൽ സംയോജനം ഉണ്ടാക്കുന്നതിനുവേണ്ടി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ അതിന്റെ ഒരു hierarchy എങ്ങനെയാണെന്ന് തീരുമാനിക്കുന്നത് അനുസരിച്ച് ഇതിന്റെയെല്ലാം രൂപഘടന ചെയ്തുകൊണ്ടുള്ള സംസ്ഥാന നിയമം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അതൊക്കെയുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ, ഞാൻ ഒന്നും ഡിനൈ ചെയ്യുന്നില്ല. അങ്ങനെ എന്തെങ്കിലും ആവശ്യങ്ങളു ണ്ടെങ്കിൽ അതൊക്കെ പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. നാരായണൻ: സർ, ഈ നിയമം നടപ്പിലാക്കുന്നതിന് റിട്ടയേർഡ് ഉദ്യോഗസ്ഥരെയാണ് അങ്ങ് നിയമിച്ചിരിക്കുന്നത്. ഇവർ സുതാര്യമല്ലാത്ത ഭരണ സമ്പ്രദായത്തിൽ പ്രവർത്തിച്ചവരാണ്. അതിനേക്കാൾ ഭേദം ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് അനുദ്യോഗസ്ഥരെ നിയമിക്കുന്നതല്ലേ?

ശ്രീ. വക്കം പുരുഷോത്തമൻ: അനുദ്യോഗസ്ഥരെ നിയമിച്ചിരുന്നുവെങ്കിൽ ഇതിനേക്കാൾ ആരോപണം ഉണ്ടായേനെ. ഉന്നതമായ സ്ഥാനത്തിരുന്ന രണ്ടുപേരെ നിയമിച്ചതുകൊണ്ടാണ് ഇത്രയും ആരോപണം കുറഞ്ഞത്. അനുദ്യോഗ സ്ഥരായിരുന്നുവെങ്കിൽ എന്തെല്ലാം ആരോപണങ്ങൾ ഉണ്ടായേനെ?

മി. സ്പീക്കർ: ചോദ്യം നമ്പർ [*113]

സംസ്ഥാനത്തെ പൊതുമേഖല, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനാധികാരം

2 [*113] ശ്രീ. സി. മമ്മൂട്ടി:

" സി. ടി. അഹമ്മദ് അലി:

" പി. കെ. കെ. ബാവ:

" കളത്തിൽ അബ്ദുള്ള:

" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപന ങ്ങളിലെ നിയമനാധികാരം പി. എസ്. സി.-ക്ക് വിടുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇതിനായി പ്രസ്തുത സ്ഥാപനങ്ങളിലെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ/ബൈലൊ ഭേദഗതി ചെയ്യുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ,

(എ) സംസ്ഥാന പൊതുമേഖലാ അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനാധികാരം പി.എസ്.സി.-ക്ക് വിടാൻ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനും അവയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ബൈലൊ ഭേദഗതി ചെയ്യുന്നതിനുമുള്ള തുടർ നടപടികൾ അതാതു ഭരണ വകുപ്പുകൾ സ്വീകരിക്കുന്നതുമാണ്.